LIBRARY ARCHIVES Kerala Legislative Assembly

വിദേശഫണ്ട് ലഭിക്കുന്ന എൻ.ജി.ഒ.കൾ

127 (4462) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൻ.ജി.ഒ-കളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്; വിശദമാക്കാമോ ;

(ബി) ഈയിടെ കേന്ദ്രസർക്കാർ രാജ്യത്തെ 9000 -ത്തോളം എൻ.ജി.ഒ-കളുടെ രജിസ്ട്രേഷൻ റദ്ദാക്കിയത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; സംസ്ഥാനത്ത് അംഗീകാരം റദ്ദാക്കിയ എൻ.ജി.ഒ-കൾ ഉണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) എൻ.ജി.ഒ-കളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനുള്ള സ്ഥിരസംവിധാനം പോലീസിൽ നിലവിലില്ല. എന്നാൽ എൻ.ജി.ഒ.കളുടെ പ്രവർത്തനത്തെപ്പറ്റി രഹസ്യാന്വേഷണ വിഭാഗവും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും രഹസ്യമായ അന്വേഷണം നടത്തിവരുന്നു.

(ബി) 2009-10, 2010-11, 2011-12 വർഷങ്ങളിലെ Annual Return സമർപ്പിക്കാത്ത ഇന്ത്യയിലെ 8975 സംഘടനകളുടെ FCRA Certificate Registration ക്യാൻസൽ ചെയ്തതായി കേന്ദ്ര ആഭ്യന്തരകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ കാണുന്നു. ഇതിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘടനകൾ ഏതെങ്കിലും ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്രേഡ് എസ്.ഐ. മാത്യുവിനെതിരെ നടപടി

128 (4463) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്. ഐ. ആയ ശ്രീ. മാത്യു മുതിർന്ന സ്ത്രീകളോടും പൊതുപ്രവർത്തകരോടും അപമര്യാദയായി പെരുമാറുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വ്യക്തിക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ;

(സി) സ്വീകരിച്ചിട്ടില്ലെങ്കിൽ ഇദ്ദേഹത്തിനെതിരെ ആവശ്യമായ നടപടി സ്വീകരിക്കുമോ ?